


NEW BLOCK(Q)- HIGH SCHOOL





GROUND FLOOR PLAN





FIRST FLOOR PLAN





FIRST FLOOR PLAN OF HSS BLOCK





PLAN OF BLOCK - C




TOILETS & URINALS BLOCK FOR HS BOYS




TOILET FOR STAFF




TOILET & URINALS BLOCK FOR HSS BOYS





PLAN OF CANTEEN





URINALS BLOCK FOR GIRLS




TOILETS BLOCK FOR GIRLS





PLAN OF KITCHEN BLOCK





LOCATION & SITE PLAN



VARANDAH
GROUND FLOOR PLAN OF HSS BLOCK




FIRST FLOOR PLAN OF BLOCK - B


OPEN YARD
OPEN AUDITORIUM

(അനുബന്ധം 2 -കുട്ടികളുടെ എണ്ണം സ്റ്റാൻഡേർഡ് തിരിച്ച് പരമാവധി വർഷത്തെ ചേർക്കുക).

<u>കുട്ടികളുടെ എണ്ണം- മുൻ വർഷങ്ങളിൽ</u>

| YEAR | PRE PRIMARY | I | II | III | IV | V | VI | VII | VIII | IX | X | XI | XII | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2008-09 | | | | | | | | | 237 | 236 | 238 | 275 | 275 | 550 |
| 2009-10 | | | | | | | | | 234 | 232 | 192 | 270 | 265 | 535 |
| 2010-11 | | | | | | | | | 242 | 238 | 217 | 300 | 260 | 560 |
| 2011-12 | | | | | | | | | 237 | 241 | 221 | 300 | 300 | 600 |
| 2012-13 | | | | | | | | | 221 | 239 | 237 | 300 | 300 | 600 |
| 2013-14 | | | | | | | | | 193 | 232 | 241 | 330 | 320 | 650 |
| 2014-15 | | | | | | | | | 228 | 195 | 207 | 330 | 320 | 650 |
| 2015-16 | | | | | | | | | 208 | 237 | 186 | 330 | 330 | 660 |
| 2016-17 | | | | | | | | | 186 | 207 | 238 | 330 | 330 | 660 |

'എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ
അനേകമുണ്ട് കാത്തിടേണ്ട മാമക പ്രതിജ്ഞകൾ'

എന്ന റോബർട്ട് ഫ്രോസ്റ്റിന്റെ വരികളിലെന്ന പോലെ താണ്ടാനുള്ള ദൂരവും ,താങ്ങാനുള്ള ഭാരവും ഏറെയുണ്ടെങ്കിലും നമുക്കൊരുമിച്ച് നടക്കാം .കൈ കോർത്ത് പിടിക്കാം.

" ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്"

എന്ന ഗുരുദേവന്റെ മാനവസങ്കല്പത്തിലൂടെപൊതുവിദ്യാഭ്യാസത്തിന്റെ ചൈതന്യം വരും തലമുറകൾക്കായികാത്തുസൂക്ഷിക്കാം.

# ഉപസംഹാരം

ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും പുത്തൻ നയങ്ങൾ ലോകത്തെമ്പാടും പ്രത്യേകിച്ച് നമ്മുടെ രാജ്യത്തുള്ള പൊതു മേഖലകളെ തകർച്ചയിലേക്ക് നയിക്കുന്ന കാഴ്ചകൾ ആണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഒരു ജനതയുടെ മഹത്തായ സംസ്കാരത്തിന് ഉരുവംനൽകിയ ഇടമാണ് പൊതുവിദ്യാഭ്യാസം. മാനുഷിക മൂല്യങ്ങളും മാനവികതയും മതേതരത്വ ബോധവും ജനാധിപത്യ മൂല്യങ്ങളും പകർന്നു നൽകിയിരുന്ന പൊതു വിദ്യാഭ്യാസത്തിന്റെ തകർച്ച നാം എന്നോ പിന്നിട്ട ഇരുൾ വഴികളിലേക്ക് നമ്മെ കൈ പിടിച്ചു. നടത്തുമെന്നത് സമീപഭാവിയിൽ തന്നെ നാം അഭിമുഖീകരിക്കേണ്ടി വരുന്ന ജനകീയ പ്രശ്നമാണ്. ഇതിനെതിരെ സമൂഹത്തിലെ എല്ലാ തലങ്ങളിലും എല്ലാ ജനവിഭാഗങ്ങളിലും അവബോധംസൃഷ്ടിച്ച്സമഗ്രവുംദീർഘവീക്ഷണത്തോടുകൂടിയതുമായ പ്രതിരോധം സൃഷ്ടിക്കുകയും അതു വഴി കലർപ്പില്ലാത്തതും കച്ചവടവൽക്കരിക്കപ്പെട്ടിട്ടില്ലാത്ത തുമായഅറിവ് എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തെ അടിസ്ഥാനമാക്കി കേരളം പുലർത്തിവന്ന നവോത്ഥാനമൂല്യങ്ങൾ സംരക്ഷിച്ചെടുക്കുക എന്ന യജ്ഞത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്. ഈ മഹത്തായ ലക്ഷ്യത്തിലേക്കുള്ള കാൽവെയ്പ്പാണ് ഞങ്ങളുടെ സ്കൂളിന്റെ വികസനരേഖ

# പ്രതീക്ഷിതനേട്ടങ്ങൾ

- സാമൂഹ്യബോധാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസം എന്ന സങ്കൽപ്പത്തിന്റെ സാധൂകരണം .
- കൊഴിഞ്ഞു പോക്ക് അവസാനിക്കുകയും പ്രവേശന തിരക്ക് വർദ്ധിക്കുകയും ചെയ്യുന്നു
- ജനാധിപത്യബോധവും , മാനുഷികമൂല്യങ്ങളും മതനിരപേക്ഷതയുമുള്ള നവയുഗ യുവതലമുറയെ സൃഷ്ടിക്കാനാകുന്നു
- ജില്ലയിലെ ഉയർന്ന ഭൗതികസാഹചര്യങ്ങളുള്ള വിദ്യാലയങ്ങളിൽ ഒന്നായി ഉയർത്തപ്പെടണം .
- പൊതു വിദ്യാഭ്യാസത്തെയും പൊതുവിദ്യാലയങ്ങളെയും കുറിച്ചുള്ള പൊതുകാഴ്ചപ്പാടിൽ സാരമായ വ്യതിയാനമുണ്ടാകുന്നു
- വിദ്യാഭ്യാസ രംഗത്ത് അനുഗുണമല്ലാത്ത കാഴ്ചപ്പാടുകളെയും പ്രവർത്തന രീതികളെയും മാറ്റിയെടുക്കുന്നു .

## മോണിറ്ററിംഗ്

- പ്രഥമാദ്ധ്യാപിക , SRG കൺവീനർ , സീനിയർ അസിസ്റ്റന്റ്, എന്നിവരുടെ നേതൃത്വത്തിൽ ദൈനംദിന മോണിറ്ററിംഗ്.
- PTA , മാനേജ്മെന്റ് പ്രതിനിധികൾ , പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് നടപ്പിലാക്കൽ.
- വിദ്യാലയ സംരക്ഷണ സേനയുടെ നിരീക്ഷണം .
- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ്.

| | | | | | |
|---|---|---|---|---|---|
| ഓഡിറ്റോറിയം | അടിസ്ഥാന സൗകര്യ വികസനം. | വിദ്യാലയത്തിലെ ഇൻഡോർ ഓഡിറ്റോറിയം സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പൊതുവായ പരിപാടികൾ നടത്താൻ കഴിയുന്നവിധം സജ്ജമാക്കുക. | രണ്ടു വർഷം | PTA | 2,50,000 |
| ശൗചാലയ നവീകരണം | അടിസ്ഥാന സൗകര്യ വികസനം. | നിലവിലുള്ള ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുകയും ആധുനിക ഉപകരണങ്ങൾ വെച്ചുപിടിപ്പിച്ച് നവീകരിക്കുകയും ചെയ്യുക | ഒരു വർഷം | PTA | 1,00,000 |
| ജൈവ വൈവിധ്യപാർക്ക് | പരിസ്ഥിതിയോട് ഇണങ്ങിയുള്ള വിദ്യാഭ്യാസം. | സ്കൂൾ കെട്ടിടത്തിന് മുൻവശത്തായി ഒരു ജൈവ വൈവിധ്യ പാർക്ക് തയ്യാറാക്കുക | മൂന്ന് വർഷം | PTA | 50,000 |
| മാലിന്യ നിർമ്മാർജ്ജന കൃഷികൾ | പരിസ്ഥിതി സൗഹൃദ അന്തരീക്ഷം ഒരുക്കുക. ശുചിത്വ അവബോധം ഉണ്ടാക്കുക | സ്കൂളിലെ ജൈവമാലിന്യങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി പ്രത്യേകം കുഴികൾ നിർമ്മിച്ച് അതിനെ ജൈവവളമാക്കി മാറ്റുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക | രണ്ടു വർഷം | PTA | 80,000 |
| പച്ചക്കറിത്തോട്ടം ,ഔഷധ സസ്യ തോട്ടം | എന്റെവീട്, വിദ്യാലയം എന്ന കാഴ്ചപ്പാട് ഉണ്ടാക്കുക, പ്രകൃതിസ്നേഹം ഉറപ്പിക്കുക | ഔഷധ സസ്യങ്ങൾ നട്ട് പിടിപ്പിക്കുകയും അവയുടെ വിശദീകരണം നൽകും വിധമുള്ള ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക. ഒരു പച്ചക്കറി തോട്ടം തയ്യാറാക്കുകയും കുട്ടികൾ തന്നെ പരിപാലിക്കുകയും ചെയ്യുക. | മൂന്ന് വർഷം | PTA | 20,000 |

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും (ജില്ലാ പഞ്ചായത്ത്,ഗ്രാമ പഞ്ചായത്ത്,MP ,MLA ,ഫണ്ട് ) സ്കൂൾ വികസനത്തിനാവശ്യമായ തുക നേടിയെടുക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് അവതരിപ്പിക്കുന്നു.

# പദ്ധതിവിശദാംശങ്ങൾ -ഭൗതികം

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത വിശകല |
|---|---|---|---|---|---|
| ഹൈസ്കൂൾ വിഭാഗത്തിലെ ഓടിട്ട കെട്ടിടങ്ങളുടെയും ഹയർ സെക്കൻഡറി ലാബുകളുടെയും നവീകരണം | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പാഠ്യപദ്ധതി പ്രകാരം സ്കൂൾ ലാബുകളെ വിനിയോഗിക്കൽ | എല്ലാ ലാബുകളിലേയ്ക്കും പോരായ്മയുള്ള ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ ബാറ്ററികൾ എന്നിവ വാങ്ങുക ,ലാബുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി നവീകരിക്കുക | രണ്ടു വർഷം | PTA | 90,00,000 |
| ലൈബ്രറി നവീകരണം | അറിവിന്റെ മേഖലകളെ എല്ലാ വിദ്യാർഥികൾകളിലേയ്ക്കും എത്തിക്കുക. | ലൈബ്രറി നവീകരിക്കുകയും കൂടുതൽ അലമാരകളും, പുസ്തകങ്ങളും വാങ്ങി ആധുനീകരിക്കുകയും ചെയ്യുക | രണ്ടു വർഷം | PTA | 1,00,000 |
| വെള്ളക്കെട്ട് നിർമ്മാർജ്ജനം | അടിസ്ഥാന സൗകര്യ വികസനം. | സ്കൂൾ മൈതാനത്തിന്റെ ഒരു വശത്ത് മണ്ണിട്ട് നിരപ്പാക്കി വെള്ളം കെട്ടുന്നത് ഒഴിവാക്കി ഉപയോഗയോഗ്യമാക്കി മൈതാനം പൂർണ്ണമായി മാറ്റുകയും ചെയ്യുക. | രണ്ടു വർഷം | PTA | 1,50,000 |
| മഴവെള്ള സംഭരണിയും കിണർ റീചാർജിങ്ങും | ജലദൗർലഭ്യത്തിന് പരിഹാരം കണ്ട് എല്ലാ കുട്ടികൾക്കും കുടിവെള്ളം ലഭ്യമാക്കുക. | ഹൈസ്കൂൾ ഹയർ സെക്കൻഡറി കെട്ടിടങ്ങളിലെ മേൽക്കൂരകളിൽ നിന്ന് മഴവെള്ളം പൈപ്പുകൾ വഴി സംഭരണികളിലേക്ക് എത്തിച്ച് മഴവെള്ളം സംഭരിക്കുക റീചാർജിങ്ങിലൂടെ വേനൽക്കാലത്തും കുടിവെള്ളം ലഭ്യമാക്കാനുള്ള സാഹചര്യം ഒരുക്കുന്നു | മൂന്ന് വർഷം | PTA | 7,50,000 |

| | | | | |
|---|---|---|---|---|
| 2.കായികനേട്ടങ്ങൾ | • നീന്തൽ കുളത്തിന്റെ അഭാവത്തിൽ പോലും കുട്ടികളെ നീന്തൽ പരിശീലിപ്പിക്കുകയും ,സംസ്ഥാന സ്കൂൾ മീറ്റ്, നാഷണൽ തലത്തിൽ പോലും കുട്ടികളെ പങ്കെടുപ്പിക്കുവാൻ സാധിക്കുകയും ചെയ്തു .<br>• പരിമിതി ഉണ്ടെങ്കിലും അത്‌ലറ്റിക് ഇനത്തിലും റവന്യൂതലം വരെ എത്തിക്കുവാൻ സാധിച്ചു.<br>• വൈകുന്നേരങ്ങളിൽ അത്‌ലറ്റിക് പരിശീലനം നടത്താറുണ്ട് | | | |
| 3.ബോധവത്കരണക്ലാസ്സ് | • ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങൾ I.C.T ഉപയോഗിച്ച് കുട്ടികളെ മനസിലാക്കുന്നു.<br>• ഈ വിഷയത്തെക്കുറിച്ച് SUBJECT EXPERT നെ കൊണ്ടുവന്ന് ക്ലാസ്സ് എടുക്കുന്നു.<br>• Health education ന്റെ ഭാഗമായി കുട്ടികൾക്ക് First aid നെക്കുറിച്ചുള്ള പരിശീലനം കൊടുക്കുന്നു.<br>• പോഷകാഹാരങ്ങളെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും<br>• കുട്ടികൾ ക്ലാസുകൾ നടത്താറുണ്ട്.<br>• ICT സാധ്യത ഉപയോഗപ്പെടുത്തി അന്യരാജ്യങ്ങളിലെ കായികതാരങ്ങളെ കുറിച്ചുള്ള അറിവ് കുട്ടികൾക്ക് കിട്ടുന്നു.<br>• ട്രാഫിക് ബോധവത്കരണ ക്ലാസുകൾ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ നടത്തുന്നു. | 1 YEAR | DOCTERS<br>COUNCILLER<br>MVI | |

# സ്പോർട്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലം |
|---|---|---|---|---|
| 1.കായിക വിദ്യാഭ്യാസം | • <br>• അസ്സംബ്ലിക്കുവേണ്ടി കുട്ടികളെ തയ്യാറാക്കൽ<br>• കുട്ടികളിൽ ലീഡർഷിപ്പ് കാളിറ്റി ഉണ്ടാക്കിയെടുക്കുന്നു<br>• മാസ്ഡ്രിൽ പരിശീലനം നൽകുന്നു<br>• ഫുട്ബോൾ,ക്രിക്കറ്റ്, വോളിബോൾ എന്നിവയെക്കുറിച്ച് ക്ലാസ്സ് നടത്തുന്നു<br>• കരാട്ടെ പരിശീലനത്തിന് സ്കൂളിൽ അവസരം നൽകുന്നു<br>• അവധിക്കാലത്ത് പ്രാദേശിക ക്ലബുകളുമായി ചേർന്ന് ഫുട്ബോൾ മത്സരവും നടത്തുന്നു.<br>• കുട്ടികൾക്ക് മാനസികവും ,ശാരീരികവുമായ ഉന്മേഷം കിട്ടുന്നതിന് യോഗപരിശീലനം.<br>• കുട്ടികളിൽ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നു. | 6 MONTHS | PT SIR<br>KARETE MASTER<br>PT SIR | |

| | | | | | |
|---|---|---|---|---|---|
| 7. | വിവരസാങ്കേതിക വിദ്യയിലൂടെ കലയുടെസാധ്യതകൾ ഉപയോഗപ്പെടുത്തുക . | *കലാരചനയ്ക്ക് ഉതകുന്ന സോഫ്ട്‌വെയറുകളിലൂടെ ചിത്രനിർമ്മിതിചെയ്യുന്നു.<br>*തയ്യാറാക്കിയ ചിത്രങ്ങളുടെ പ്രിന്റ് എടുക്കുന്നു<br>*L C D പ്രദർശനത്തിലൂടെ ചിത്രകാരന്മാർ ,രചനകൾ രീതികൾ തുടങ്ങിയവ പരിചയപ്പെടുത്തുന്നു | അദ്ധ്യാപകർ | | കാലികമായ രീതിയിൽ കലാവബോധവും നിർമ്മിതിധാരണയുംസൃഷ്ടിക്കപ്പെടുന്നു . |
| 8. | ഭിന്നശേഷിക്കാരുടെ രചനാപരമായ കഴിവുകൾ കണ്ടെത്തുക . | *ക്ലാസ്സ് അധ്യാപകരുടെ സഹായത്തോടെ അവരുടെ കഴിവുകൾ തിരിച്ചറിയുകയും അതിൽ പ്രത്യേക പരിശീലനത്തോടെ ഇടപെടുന്നു .<br>*അവർക്കുവേണ്ട വരപ്പുപകരണങ്ങൾ ലഭ്യമാക്കുന്നു | ക്ലാസ് അദ്ധ്യാപകർ | | പ്രത്യേക ഇടപെടലിലൂടെ ലഭിക്കുന്ന ആത്മവിശ്വാസം പഠനകാര്യങ്ങളെയും സ്വാധീനിക്കുന്നു |
| 9. | സ്കൂൾ പരിസരം കലാസൃഷ്ടികളാൽ ആകർഷകമാക്കൽ | *കുട്ടികൾ ,അധ്യാപകർ , ലഭ്യമായ പ്രാദേശിക കലാകാരന്മാർ എന്നിവരുടെകൂട്ടായ്മയിൽ ചുറ്റുമതിലിൽ കലാസൃഷ്ടി നടത്തുന്നു<br>*ക്ലാസ്സ് ചുമരുകളിൽ ചിത്രങ്ങൾ ,മഹത് വചനങ്ങൾ എന്നിവ ചെയ്യുന്നു<br>*സ്പോൺസർഷിപ്പിലൂടെ ശില്പ നിർമ്മാണ സാധ്യത തേടുന്നു. | അനുഭവമുള്ള അധ്യാപകർ<br>പ്രാദേശിക കലാകാരന്മാർ | ചായങ്ങൾ<br>സിമന്റ്,<br>മെറ്റൽ | ചിത്രങ്ങളുടെ കാഴ്ചഭംഗി പഠനാന്തരീക്ഷത്തെ ഗുണപരമായി സ്വാധീനിക്കുന്നു |
| 10 | ആർട്ട് കോർണർ (വരച്ചവ പ്രദർശിപ്പിക്കുന്ന ബോർഡ് ) | *കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതുവായി സ്ഥാപിച്ച ബോർഡിൽ പതിക്കുന്നു. | | ബോർഡ്<br>പേപ്പർ | സ്വന്തമായ രചനകൾ പൊതുസമക്ഷംഎത്തുന്നതിലൂടെ കൂടുതൽ ആത്മവിശ്വാസം ഉണ്ടാവുന്നു . |

| | | | | | |
|---|---|---|---|---|---|
| 3. | മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പഠനരീതി ആസ്വാദ്യകരമാക്കുക | *പഠനവിഷയങ്ങളിൽ,പ്രത്യേകിച്ച് ഭാഷയിലെപാഠഭാഗങ്ങളിൽ കലാപരമായ അവതരണത്തിന് സാധ്യതനൽകുന്നസംഘപ്രവർത്തനങ്ങൾ പാഠങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള ചുമർപത്രങ്ങൾ,സാമൂഹ്യനന്മ,തിന്മകളെവേർതിരിക്കുന്ന പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കൽ | വിഷയ അധ്യാപകർ | ചാർട്ട് പേപ്പറുകൾ<br>നിറങ്ങൾ | പാഠങ്ങൾ നന്നായി ഉൾക്കൊള്ളാൻ സഹായകമാവുന്നു. |
| 4. | സാമൂഹ്യ/ആനുകാലിക വിഷയങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കലാരചന | *സമൂഹരചന ,പോസ്റ്റർ രചന,തുടങ്ങിയകലാപ്രവർത്തനങ്ങളിൽകുട്ടികളുടെ പങ്കാളിത്തംഉറപ്പുവരുത്തുന്നു. | തുണി<br>ചായം | തുണി<br>ചായം | സാമൂഹ്യ വിഷയങ്ങളോട് പ്രതികരിക്കാനുള്ള മനോഭാവം ഉണ്ടാവുന്നു. |
| 5. | മാസികാ നിർമ്മാണത്തിലൂടെ കലാരചനകൾക്ക് സാധ്യത കണ്ടെത്തൽ | *ക്ലാസ് തലകയ്യെഴുത്തുമാസിക ,ഗണിത ,ശാസ്ത്ര മാസിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു<br>*വിശേഷാവസരങ്ങൾ പാഠഭാഗങ്ങൾഎന്നിവയുമായിബന്ധപ്പെട്ട്ചിത്രത്തോടെ പതിപ്പുകൾ തയ്യാറാക്കുന്നു. | വിദ്യാരംഗം<br>മലയാളം ക്ലബ് | A 4 ഷീറ്റ് | അവതരണരീതി, കൈയ്യക്ഷരം, ലേ-ഔട്ട് എന്നിവയിൽ ലഭ്യമാവുന്ന ബോധം മറ്റുള്ള പ്രവർത്തനങ്ങൾക്ക് അനുഗുണമാവുന്നു. |
| 6. | ത്രിമാനരൂപങ്ങൾ, ഒറിഗാമി, കൊളാഷ് തുടങ്ങിയവ ചെയ്യാനുള്ള ധാരണയുണ്ടാക്കുക . | *തെർമോകോൾ,കളിമണ്ണ് കാർഡ്ബോർഡ്കട്ടിക്കടലാസ് തുടങ്ങിയവ ഉപയോഗിച്ചുകൊണ്ടുള്ള രൂപനിർമ്മിതി പരിചയപ്പെടുത്തുന്നു<br>*പ്രാദേശികമായി ലഭ്യമാകുന്നകലാകാരന്മാരെക്ലാസ്സിന് ഉപയോഗപ്പെടുത്തുന്നു.<br>*കൊളാഷ് ചെയ്തു കാണിക്കുന്നു . | ആഭിമുഖ്യമുള്ള മറ്റധ്യാപകർ | തെർമോകോൾ<br>കളിമണ്ണ്.<br>കാർഡ് ബോർഡ് | ശില്പനിർമ്മാണത്തെക്കുറിച്ച്ധാരണ ലഭ്യമാവുന്നു. |

# കലാപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | സഹായം | സാധന സാമഗ്രികൾ | നേട്ടം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ കലാമേഖലയെക്കുറിച്ച് അവബോധമുണ്ടാക്കൽ | *സോദാഹരണക്ലാസുകൾ<br>*ചിത്രകലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br>*ക്ലാസിക്കൽ ചിത്രങ്ങളുടെ പ്രദർശനം<br>*കലാചരിത്രം വിശദീകരണം<br>* | -കലാക്ലബ്<br>അഭിരുചിയുള്ള അധ്യാപകർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | കലയെക്കുറിച്ചുള്ള പ്രാഥമിക ബോധം രൂപപ്പെടുന്നു |
| 2. | ദിനാചരണങ്ങൾ കലാരചനയുടെ ഭാഗമാക്കുക | *ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ വ്യക്തികൾ എന്നിവയുടെ ചിത്രീകരണം<br>*പോസ്റ്റർ നിർമ്മാണം<br>*പ്രദർശനം<br>* അനുബന്ധ പ്രവർത്തനങ്ങൾ<br>ഉദാ:<br>ബഷീറിന്റെ ചിത്രങ്ങൾ തയ്യാറാക്കുക ,ബഷീർ കഥാപാത്രങ്ങളെ വരക്കുക ദിനാചരണ പോസ്റ്ററുകൾ തയ്യാറാക്കുക. | ബന്ധപ്പെട്ട ക്ലബ് | വരയ്ക്കാനുള്ള സാധനങ്ങൾ,<br>വ്യക്തികളുടെ ചിത്രങ്ങൾ | ദിനങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന് കലാരചനകൾ സഹായകമാവുന്നു. |

# IT

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പുതിയ ടെക്നോളജികൾ കുട്ടികളെ പരിചയപ്പെടുത്തുക . | പുതിയ വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് കുട്ടികളെ പരിചയപ്പെടുത്തുക . | നിരന്തരം | ടീച്ചർ | |
| 2. പാഠപുസ്തകങ്ങൾക്ക് പുറത്തേയ്ക്ക് കംപ്യൂട്ടർ പരിശീലനം . | ഐ ടി മേളകൾക്കും മറ്റും പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കുക . | മേളകൾ ഉള്ളപ്പോൾ | ടീച്ചർ | |
| 3. വിദഗ്ദ്ധ പരിശീലനം . | കംപ്യൂട്ടർ വിദഗ്ദ്ധരെ സ്കൂളുകളിൽ കൊണ്ടുവന്ന് കുട്ടികൾക്ക് ക്ലാസ്സ് എടുപ്പിക്കുന്നു . | വർഷത്തിൽ നാല് പ്രാവശ്യം | കംപ്യൂട്ടർ വിദഗ്ദ്ധർ | |
| 4. പാഠഭാഗങ്ങൾകംപ്യൂട്ടർവത്കൃതമാക്കുക.. | പാഠഭാഗത്തിന് അനുയോജ്യമായ വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് കുട്ടികളെ കാണിക്കുക | നിരന്തരം | ടീച്ചർ | |
| 5.കംപ്യൂട്ടർ പ്രോഗ്രാമുകൾ ചെയ്യാനും സ്വയം വികസിപ്പിച്ചെടുക്കാനുമുള്ളശേഷി ഉണ്ടാക്കിയെടുക്കുക.. | • ലാബുകളിൽ കൂടുതൽ സമയം ചെലവഴിക്കുകയും പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുക<br>• ക്ലബ്ബ് വർക്കുകൾ ഏറ്റെടുക്കുക | നിരന്തരം | ടീച്ചർ<br>H. M<br>P T A<br>TEACHERS | |

| | | | | | |
|---|---|---|---|---|---|
| 9. | നിത്യ ജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം | #ഗണിത ക്ലബ്ബുമായി ബന്ധപ്പെട്ട് നിത്യ ജീവിതത്തിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് തയ്യാറാക്കൽ, ഗണിത ചർച്ച ,സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | 1 വർഷം | TEACHERS | |
| 10. | ഗണിതം മധുരം എന്ന പുസ്തകം | #പഠന നിലവാരത്തിന് യോജിച്ച പ്രവർത്തനങ്ങൾ വർക്ക് ഷീറ്റ് രൂപത്തിൽ ക്രമീകരിച്ച് ഗണിതം മധുരം എന്ന പുസ്തകംതയ്യാറാക്കുന്നു<br>#കളികളിലൂടെ ഗണിതം പഠിപ്പിക്കാനുള്ള അവസരമാണ് ഈ പുസ്തകം<br>#കുട്ടികളെ ആകർഷിക്കുന്ന പദപ്രശ്നങ്ങൾ, ചതുഷ് ക്രിയകൾ, ചിഹ്നങ്ങൾ എന്നിവ എളുപ്പത്തിൽ സ്വായത്തമാക്കാൻ കഴിയുന്നു | 1 വർഷം | TEACHERS | |

| | | | | | |
|---|---|---|---|---|---|
| 4. | ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | #പഠനോപകരണങ്ങൾ ലാബിന്റെ സഹായത്താൽ കുട്ടികളെ എത്തിക്കുന്നു<br>#കുട്ടികൾ നിർമ്മിച്ച MODELS, CHART, PUZZLES, ഇവ ഗണിത ലാബിൽ തയാറാക്കുന്നു | ദീർഘകാലം | TEACHERS | |
| 5. | ഗണിത ലൈബ്രറി | #ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കൽ (P T A, പൂർവവിദ്യാർത്ഥികൾ എന്നിവരുടെ സഹായം)<br>#ആഴ്ചയിൽ 1 ദിവസം ലൈബ്രറി കുട്ടികൾക്കായി പ്രയോജനപ്പെടുത്തുന്നു | 1 വർഷം | TEACHERS | |
| 6. | ഗണിതപാർക്ക്<br>ഗണിതം മധുരമാക്കൽ | #ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്തു പാർക്ക് സജ്ജമാക്കൽ<br>#ഗണിത രൂപങ്ങളുടെ രീതിയിൽ ചെടികൾ വെച്ച് പിടിപ്പിക്കുന്നു. | | | |
| 7. | ഗണിത ശേഷികൾ വർദ്ധിപ്പിക്കൽ | #ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ<br>#വിവിധ രൂപങ്ങൾ നിർമ്മിക്കൽ #അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ<br>#വിശകലനം<br>#പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG TEACHERS | |
| 8. | ഗണിത ക്ലബ് | #ഗണിത ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ നടത്തുന്നു<br>#ഗണിത ശാസ്ത്ര മേളകളിൽ പങ്കെടുക്കൽ ഗണിത കൗതുകങ്ങൾ തയ്യാറാക്കൽ തുടങ്ങിയവ | 1 വർഷം | TEACHERS | |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|---|
| 1. | ഗണിത ശാസ്ത്ര ക്രിയകളിൽ കുട്ടികൾക്കുള്ള അറിവ് പരിശോധിക്കൽ | #ഗ്രൂപ്പ് തിരിച്ച് പ്രവർത്തനങ്ങൾ നൽകുന്നു<br>#വിലയിരുത്തൽ നടത്തുന്നു<br>#മാന്ത്രിക ചതുരം പോലുള്ള ഗണിത കളികൾ നൽകുന്നു<br>#ചോദ്യങ്ങൾ ആവർത്തിച്ച് എന്നിവ വിലയിരുത്തുന്നു | 3 മാസം | TEACHERS | |
| 2. | ഗണിതശാസ്ത്ര താല്പര്യം വളർത്തുന്നു | #പാഠഭാഗവുമായി ബന്ധപ്പെട്ട STILL MODEL, WORKING MODEL PUZZLES GAMES, എന്നിവയിൽ കുട്ടികളെ ബന്ധപ്പെടുത്തി തയ്യാറാക്കുന്നു<br>#ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിക്കുന്നു<br>#ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് സംഘടിപ്പിക്കുന്നു<br>#ഐ.ടി ഉപയോഗപ്പെടുത്തൽ ഗണിതവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ പ്രദർശിപ്പിക്കുന്നു | 6 മാസം | TEACHERS | |
| 3. | ഗണിത ലാബ് സജ്ജീകരിക്കൽ | #വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ<br>#ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ദീർഘ കാലം | TEACHERS | |

## വിഷയം ഊർജ്ജതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ശാസ്ത്രതാല്പര്യം വർദ്ധിപ്പിക്കുക | *ശാസ്ത്രമാസികകൾ [illegible] [illegible] വിജ്ഞാനം [illegible] പരിശീലനം നൽകുന്നു | ദീർഘകാലം | ടീച്ചർ | |
| 2. കുട്ടി ശാസ്ത്രജ്ഞരെ രൂപപ്പെടുത്തൽ . | *കുട്ടികളിൽ ശാസ്ത്ര താല്പര്യം ഉണർത്തുന്നതിനും അവർ സ്വന്തമായി ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അത് പ്രവർത്തിപ്പിച്ച് കാണിക്കുന്നതിനുമുള്ള അവസരം നൽകുന്നു | ദീർഘകാലം | ടീച്ചർ | |
| 3 ശാസ്ത്രമേളകളിലൂടെ ശാസ്ത്ര താല്പര്യം വർദ്ധിപ്പിക്കൽ. | ശാസ്ത്ര വിജ്ഞാനോത്സവങ്ങൾ [illegible] ക്വിസ് മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 തവണ | ടീച്ചർ | PTA |
| 4. ഭൗതിക ശാസ്ത്രജ്ഞരെയും അവരുടെ കണ്ടെത്തലുകളെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക . | *ശാസ്ത്രജ്ഞന്മാരുടെ ജന്മദിനത്തിൽ അവരെക്കുറിച്ച് [illegible] നടത്തുകയും കുട്ടികൾ അവരെക്കുറിച്ച് തയാറാക്കിയ ചാർട്ടുകളും പുസ്തകങ്ങളും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അതത് ശാസ്ത്രജ്ഞന്മാരെപ്പറ്റിയുള്ള ക്വിസ് മത്സരങ്ങൾ നടത്തുന്നു. | ശാസ്ത്രജ്ഞ രുടെ ജന്മദിനങ്ങൾ | ടീച്ചർ | |

# രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.രസതന്ത്രത്തിനോട് അഭിരുചി വളർത്തുന്നു. | രസതന്ത്രം എന്ന ശാസ്ത്രശാഖയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്ലാസ് നടത്തുന്നു. | മാസത്തിലൊരിക്കൽ | ടീച്ചർ | |
| 2. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ . | ലാബിൽ ഉപകരണങ്ങളുടെ അഭാവമുള്ളതുകൊണ്ട് പ്രകൃതിയിൽ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് കുട്ടികളെക്കൊണ്ട് പരീക്ഷണങ്ങൾ ചെയ്യിച്ച് കാണിക്കുന്നു. | ആഴ്ചയിലൊരിക്കൽ | ടീച്ചർ<br>കുട്ടികൾ<br>സയൻസ്ക്ലബ്ബ് | |
| 3.ബോധവൽക്കരണ ക്ലാസുകൾ . | പ്ലാസ്റ്റിക്കിന്റെ അമിതോപയോഗം മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കുട്ടികൾ തന്നെ ബോധവൽക്കരണം നടത്തുന്നു. | മാസത്തിലൊരിക്കൽ. | | |
| 4.നിത്യജീവിതത്തിൽ രസതന്ത്രം എങ്ങനെപ്രയോജനപ്പെടുത്താം ? | രസതന്ത്രത്തിന്റെ ഉപയോഗത്തിൽ സാധ്യതകളെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുന്നു.<br><br>അതിനുള്ള പ്രവർത്തനങ്ങൾ ,<br><br>1 സോപ്പ് നിർമ്മാണം<br>2 ചന്ദനത്തിരി നിർമ്മാണം .<br>3 ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കുന്നത് കണ്ടുപിടിക്കുന്ന പ്രവർത്തനം. | ദീർഘകാലം. | ടീച്ചർ | PTA 500 |
| 5.ഫാക്ടറികളിലും രാസവ്യവസായശാലകളിലും നടക്കുന്നപ്രവർത്തനങ്ങൾ കുട്ടികളെ മനസിലാക്കിക്കുക. | **KMML , RRL** തുടങ്ങിയ സ്ഥാപനങ്ങളിലേക്കു പഠന വിനോദയാത്രകൾ നടത്തുന്നു. | വർഷത്തിലൊരിക്കൽ | ടീച്ചർ | കുട്ടികളിൽ നിന്ന് |

| | | | | |
|---|---|---|---|---|
| | വിഷരഹിത പച്ചക്കറി കൃഷിയെക്കുറിച്ച് പൊതുജനങ്ങൾക്കും കുട്ടികൾക്കും പഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സഹായത്താൽ പരിശീലനം നൽകുകയും ചെയ്യുക | | | |
| പഠന നിലവാരം ഉയർത്തുക | പൂർവ്വവിദ്യാർഥികളുടെയും പൂർവ്വാധ്യാപകരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സഹായത്താൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കൈത്താങ്ങ് നൽകുക | 1 വർഷം | അധ്യാപകർ<br>PTA | |
| ശാസ്ത്രാഭിരുചി വർധിപ്പിക്കുകയും ശാസ്ത്ര ഉപരിപഠനത്തിൽ തൽപ്പരരാക്കുകയും ചെയ്യുക | സ്കൂൾ തലത്തിലെ കുട്ടികൾക്ക് ശാസ്ത്രാഭിരുചി വർധിപ്പിക്കുന്നതിനായി ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടെ ഉത്തേജന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | |

# ജീവശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതിശുചിത്വത്തെ കുറിച്ചുള്ള അവബോധം<br>സാമൂഹ്യബോധം | ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി ജൈവ മാലിന്യ കുഴികൾ നിർമ്മിക്കുകയും ആ മാലിന്യത്തെ ജൈവ വളമാക്കി വിദ്യാലയത്തിലെ കൃഷികൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നു | 1 വർഷം | NSS<br>അദ്ധ്യാപകർ | - |
| പരിസ്ഥിതിബോധം<br>മാലിന്യമുക്തവിദ്യാലയം | പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സ്കൂളിനകത്ത് കർശനമായും നിരോധിക്കുകയും ബദലായി പേപ്പർ ബാഗുകളും പേപ്പർ പേനകളും ഉപയോഗിക്കാനുള്ള അവബോധം നൽകുകയും ചെയ്യുക. ഇതിനായി പുറത്ത് നിന്നുള്ള വിദഗ്ദ്ധ സഹായത്തോടെ പേപ്പർ ബാഗുകളും പേനകളും നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക | 1 വർഷം | അദ്ധ്യാപകർ<br>+<br>PTA | 1500/<br>PTA |
| സാമൂഹിക വിദ്യാലയം എന്ന കാഴ്ചപ്പാട് വളർത്തിയെടുക്കുക ആരോഗ്യകരമായ ജീവിത ശൈലിയെ പറ്റി ബോധവത്കരിക്കുക | ആഴ്ചയിലൊരുദിവസം നിശ്ചിത സമയം പൊതു ജനങ്ങൾക്കായി ഒരു മെഡിക്കൽ ക്യാമ്പ് നടത്താവുന്നതാണ്. ഇതിൽ ബ്ലഡ് പ്രഷർ, ഷുഗർ എന്നിവ കുട്ടികളുടെ സഹായത്തോടെ പൊതുജനങ്ങൾക്കായി സൗജന്യ പരിശോധന നടത്താവുന്നതാണ്.<br>കുട്ടികൾ സമീപ പ്രദേശങ്ങളിലെ കൃഷിത്തോട്ടങ്ങൾ സന്ദർശിക്കുകയും പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സഹായത്താൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകി<br>സ്കൂളിൽ പച്ചക്കറി തോട്ടം നിർമ്മിക്കുകയും അത് പരിപാലിക്കുകയും ചെയ്യുക | 1 വർഷം | അദ്ധ്യാപകർ<br>പഞ്ചായത്ത് | കൃഷിഭവൻ |

| | | | |
|---|---|---|---|
| 5. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം നിർമ്മാർജ്ജനം ചെയ്യാനുള്ളതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തൽ. | @ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ച് രക്ഷാകർത്താ- ബോധവൽക്കരണ ക്ലാസുകൾ നടത്തുക.<br>@ ആ രക്ഷാകർത്താക്കൾ സമൂഹത്തിലും ഈ വിപത്തിനെതിരെ ബോധവൽക്കരണം നടത്തുന്നു. | നിരന്തരം | ടീച്ചർ |
| 6. പൊതുസമൂഹത്തിലെ സ്പന്ദനങ്ങളുമായി കുട്ടികളെ ബന്ധപ്പെടുത്തൽ. | @ വർത്തമാനപ്പത്രങ്ങൾ ആനുകാലികങ്ങൾ, റേഡിയോ, ടിവി മറ്റ് വാർത്താസ്രോതസുകൾ ഇവയുടെ ഫലപ്രദമായ ഉപയോഗം. | എല്ലാദിവസവും | ടീച്ചർ, രക്ഷകർത്താക്കൾ |
| 7. സാമൂഹ്യപ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക. | @ നേരിട്ടുള്ള ദൃശ്യപ്രദർശനങ്ങളായ ഹ്രസ്വചലച്ചിത്ര ഡോക്യുമെന്ററികൾ, പ്രദർശനങ്ങൾ ഇവ നടത്തുക. | മാസത്തിൽ ഒരു തവണ | ടീച്ചർ |
| 8. കുട്ടികളിൽ ചരിത്രത്തോട് താല്പര്യം സൃഷ്ടിക്കുക. | @ കുട്ടികളെയും കൂട്ടി ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക.<br>ചർച്ചകൾ സംഘടിപ്പിക്കുക. | വർഷത്തിൽ രണ്ടു പ്രാവശ്യം | ടീച്ചർ |

# സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളിൽഹിസ്റ്ററി ജ്യോഗ്രഫി വിഷയങ്ങളിൽ താൽപ്പര്യംവളർത്തുക . | @സാമൂഹ്യശാസ്ത്ര ലാബ് ,ലൈബ്രറി എന്നിവ ഒരുക്കുക . | നിരന്തരം | H.M<br>P.T.A<br>ടീച്ചർ | |
| 2 . ചരിത്ര ബോധം സൃഷ്ടിക്കുക | @പ്രാദേശിക ചരിത്രങ്ങൾ പ്രാദേശിക സാമൂഹിക പ്രശ്നങ്ങൾമനസിലാക്കാനുതകുന്ന സർവ്വേ .<br><br>@അഭിമുഖം ,ഫീൽഡ് ട്രിപ്പ് ഇവകുട്ടികളുമായി സംഘടിപ്പിക്കുക | വർഷത്തിൽ 2 തവണ | ടീച്ചർ | |
| 3 . കുട്ടികളിൽ രാഷ്ട്രമീമാംസ എന്ന വിഷയത്തോട് താല്പര്യം ജനിപ്പിക്കുക | @പൊതുസമൂഹവുമായി കുട്ടികളെ നിരന്തരം ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ<br><br>@നിയമസഭാസന്ദർശനം കുട്ടികളുമായി നടത്തുക .<br><br>@പാർലമെൻറ്നടപടിക്രമങ്ങൾകുട്ടികളെപരിചയപ്പെടുത്താൻ മോക്ക് പാർലമെൻറ് സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | ടീച്ചർ, സോഷ്യൽ സയൻസ് ക്ലബ് | |
| 4 ജ്യോഗ്രഫി പഠനം കുട്ടികളിൽ രസകരമാക്കൽ | @മണ്ണിനങ്ങൾ,ഭൂപ്രകൃതി ഇവമനസിലാക്കുന്നതിനായി ഫീൽഡ്ട്രിപ്പുകൾസംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | ടീച്ചർ | |

| | | | | |
|---|---|---|---|---|
| | 5.വിദഗ്ദ്ധരുടെ ക്ലാസുകൾ, അവരുമായുള്ള അഭിമുഖം മേഖലപ്രവർത്തനങ്ങൾ പൊതുവായ അവതരണം. | 3 മാസം | അധ്യാപകർ PTA | 5000 രൂപ |
| | 6.മികച്ച റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നു Internet സാധ്യതകൾ Digital പഠന സാമഗ്രികൾ കണ്ടെത്തൽ ഉപയോഗം. | ഹ്രസ്വകാലം | അധ്യാപകർ | |
| | 7.ആവശ്യമായ സന്ദർഭങ്ങളിൽ പ്രോജക്ട് നിർമ്മാണം അറിവ് നേടാനുള്ള ഉപാധിയാക്കുന്നു. | ഹ്രസ്വകാലം | അധ്യാപകർ | |
| | 8.സാമ്പത്തിക ശാസ്ത്ര സംബന്ധമായ ചിത്രങ്ങൾ, വാർത്തകൾ ,ഗ്രന്ഥങ്ങൾ ,ലേഖനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സാമ്പത്തികശാസ്ത്ര പതിപ്പ് തയ്യാറാക്കുന്നു. | ഹ്രസ്വകാലം | അധ്യാപകർ | |

# സാമ്പത്തിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1. സിലബസിനെ ആധാരമാക്കി ഇയർ പ്ലാൻ, യൂണിറ്റ് പ്ലാൻ, ടീച്ചർ പ്ലാൻ എന്നിവ തയാറാക്കുകയും പ്രയോഗിക്കുകയും മെച്ചപ്പെടുത്തലുകൾക്കു വിധേയമാക്കുകയും ചെയ്യുന്നു | ഹ്രസ്വകാലം | അധ്യാപകൻ | |
| | 2. ഇന്ത്യയുടെ സാമ്പത്തിക വികസനവുമായി ബന്ധപെട്ട് ഭൂതകാലത്തു നിന്നു തുടങ്ങി വർത്തമാന കാലത്തേയ്ക്ക് എത്തുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളുടെ വിശകലനത്തിലൂടെ ആ മേഖലയിൽ ആശയ രൂപീകരണം നടത്തുകയും സംഖ്യികത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു | ഹ്രസ്വകാലം | അധ്യാപകൻ | |
| | 3. പഠന വീഡിയോകൾ പ്രെസന്റേഷനുകൾ എന്നിവ ശേഖരിക്കുന്നു | 2 മാസം | അധ്യാപകൻ | |
| | 4. പാഠഭാഗ വിനിമയ ഉപാധിയെന്ന നിലയിൽ ആവശ്യമായ സാഹചര്യങ്ങളിൽ സെമിനാറുകളിൽ സംഘടിപ്പിക്കുന്നു | 2 മാസം | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | [illegible]<br>• [illegible] | [illegible] | [illegible] | |
| | • കമ്പ്യൂട്ടർ ലാബിൽ [illegible] | ഒരു വർഷം | പ്രിൻസിപ്പാൾ | — |
| | • [illegible] | ഒരു വർഷം | പ്രിൻസിപ്പാൾ | — [illegible] |

# കോമേഴ്സ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവിദ്യാർത്ഥികളുടെയും പഠന നിലവാരംമെച്ചപ്പെടുത്തൽ | • കോമേഴ്സ് വിഷയങ്ങളുമായി ബന്ധപ്പെട്ട ആനുകാലികപ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക | നിരന്തരം | ഒരു അധ്യാപകന് ചാർജ്ജ് നൽകുക | 1000 രൂപ വർഷത്തിൽ |
| | • ഐ.ടി അധിഷ്ഠിത പഠനോപാധികൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക | നിരന്തരം | ഒരു അധ്യാപകന് ചാർജ്ജ് നൽകുക | 1000 രൂപ വർഷത്തിൽ |
| | • പ്രായോഗിക അറിവുകൾ ആർജ്ജിക്കുന്നതിന് ഫീൽഡ് വിസിറ്റുകൾ | വർഷത്തിലൊരു തവണ | പ്രിൻസിപ്പൽ, വിഷയത്തിലെ അധ്യാപകർ | [illegible] |

# വിഷയം: ഹിന്ദി

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഹിന്ദി അസംബ്ലി | ഹിന്ദി ഭാഷ മനസിലാക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിച്ചെടുക്കുക | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി ഭാഷയിൽ മാത്രം ഉള്ള അസംബ്ലി | ആഴ്ചയിൽ ഒന്ന് | ഹിന്ദി ടീച്ചർ | |
| 2. ഹിന്ദി ഡയറി | ഹിന്ദി ഭാഷയിൽ ലേഖനനൈപുണ്യം നേടൽ | എല്ലാ ദിവസത്തെയും സംഭവങ്ങൾ ഹിന്ദിയിൽ രേഖപ്പെടുത്തി വയ്ക്കുക | ആഴ്ചയിൽ 5 ദിവസം | ഹിന്ദി ടീച്ചർ | |
| 3. ഹിന്ദി രചന | ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടൽ | അദ്ധ്യാപിക വിഷയം നൽകുകയും കവിതാ രചന, കഥാ രചന ഇവ നടത്താൻ നിർദ്ദേശിക്കുകയും ചെയ്യുന്നു | മാസത്തിൽ ഒന്ന് | ഹിന്ദി ടീച്ചർ | |
| 4. ഹിന്ദി വാചകമേള | തെറ്റ് കൂടാതെ കുട്ടികൾ ഹിന്ദി ഭാഷ സംസാരിക്കുക | ഹിന്ദി ടീച്ചറും കുട്ടികളും ഇടവേളകളിൽ ഒരുമിച്ച് കൂടി ഹിന്ദിയിൽ മാത്രം ആശയവിനിമയം നടത്തു | മാസത്തിൽ 2 തവണ | ഹിന്ദി ടീച്ചർ | |
| 5. റേഡിയോ സംപ്രേഷണം | ശുദ്ധമായ ഹിന്ദി ഭാഷ കേൾക്കുന്നതിനുള്ള അവസരം | ഉച്ചഭക്ഷണ സമയങ്ങളിൽ പ്രശസ്തരായ ഹിന്ദി പ്രസംഗങ്ങൾ കുട്ടികളെ കേൾപ്പിക്കുക | ആഴ്ചയിൽ 4 തവണ | ഹിന്ദി ക്ലബ് | |
| 6. ഹിന്ദി ചാർട്ട് പ്രദർശനം | പുതിയ ഹിന്ദി വാക്കുകൾ പരിചയപ്പെടാനുള്ള അവസരം പ്രവർത്തനങ്ങൾ | എല്ലാ ദിവസവും ഓരോ കുട്ടിയും 2 ഹിന്ദി വാക്കുകളും അവയുടെ അർത്ഥവും എഴുതി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ 5 ദിവസം | ഹിന്ദി കൺവീനർ | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഇംഗ്ലീഷ് കോർണർ | ഇംഗ്ലീഷിൽ തന്നെ ഉള്ള പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ്പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ ഇവയുടെ ശേഖരം ഒരുക്കൽ. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ക്ലബ് | അധ്യാപകർ |
| 6 | പ്രസംഗ തർജ്ജമ | തത്സമയ വിവർത്തന പാടവം നേടൽ | ഒരു കുട്ടി മലയാളത്തിൽ അവതരിപ്പിക്കുന്ന പ്രസംഗംഇംഗ്ലീഷിലേക്കു തർജ്ജിമ ചെയ്യുന്നു. | മാസത്തിൽ4 തവണ | ഇംഗ്ലീഷ് അധ്യാപിക | |
| 7 | ഗ്രാമർ ക്ലാസുകൾ | ഇംഗ്ലീഷ് വ്യാകരണ ശുദ്ധി നേടുക. | അവധി ദിവസങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം നൽകിയുള്ള ക്ലാസുകൾ. | ഒരു വർഷത്തിൽ 5 തവണ | ക്ലാസ് ടീച്ചർ. | |
| 8. | ഇംഗ്ലീഷ് ഫെസ്റ്റ് | തെറ്റില്ലാതെ ഇംഗ്ലീഷ്എഴുതുവാനുംപറയുവാനും കുട്ടികളെ പഠിപ്പിക്കുക . | വെള്ളിയാഴ്ചകളിൽ ഉച്ചക്ക് ഒരു മണിക്കൂർ സമയം ഇംഗ്ലീഷിൽ മാത്രം സംസാരിക്കുക. | മാസത്തിൽ4 തവണ . | ഇംഗ്ലീഷ് ക്ലബ്. | |

# ഇംഗ്ലീഷ്

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് അസ്സംബ്ലി | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷിവികസിപ്പിക്കുക.. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലി മുഴുവൻ ഇംഗ്ലീഷിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 2 | ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ്എഴുതാനുള്ളശേഷിനേടൽ.. | ഓരോ ദിവസവും നടക്കുന്നസംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽഡയറിയിലെഴുതുക. | ആഴ്ചയിൽ5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 3 | ഇംഗ്ലീഷിൽ കത്തെഴുത്ത് | ഇംഗ്ലീഷ് രചനയിൽ കഴിവ് നേടൽ | ഒരാഴ്ചയിലെ സ്കൂൾ പ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് സുഹൃത്തിന് കത്തെഴുതുക.. | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപിക | |
| 4 | ഇംഗ്ലീഷ് ബുള്ളറ്റിൻ | ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്താനുള്ള ശേഷി ഉണ്ടാക്കുക. | ഓരോ മാസവും സ്കൂൾ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച്ബുള്ളറ്റിൻ തയ്യാറാക്കുക. | മാസത്തിൽ ഒരു തവണ | എച്ച്. എം. ക്ലാസ് ടീച്ചർ, ഇംഗ്ലീഷ് ടീച്ചർ. | ഇംഗ്ലീഷ് ക്ലബ് |

## പദ്ധതി വിശദാംശങ്ങൾ -അക്കാദമികം

### മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകരചനകളിലേർപ്പെടൽ | കഥയരങ്ങ് ,കവിയരങ്ങ് ശില്പശാല സംഘടിപ്പിക്കുക | മൂന്നു മാസത്തിൽ ഒരു തവണ | വിദ്യാരംഗം | അധ്യാപക ഫണ്ട് |
| വിവിധസാഹിത്യരൂപങ്ങളെ അടുത്തറിയൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യകഥകൾ നോവലുകൾ എന്നിവയുടെ നാടകാവിഷ്കാരം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ് | - |
| സർഗ്ഗശേഷിപരിപോഷണം | പ്രാദേശികഎഴുത്തുകാരുമായിഅഭിമുഖവും, സംവാദവും | വർഷത്തിൽ ഒന്ന് | ഒ എസ് എ | - |
| ഭാഷയെസാങ്കേതികവിദ്യയുമായിബന്ധിപ്പിക്കൽ | ബ്ലോഗ് നിർമ്മിക്കുകയും ,രചനകൾപ്രസിദ്ധീകരിക്കുകയുംചെയ്യുന്നു. വിക്കിപീഡിയയിൽഅംഗത്വമെടുക്കുകയുംവിവരങ്ങൾപങ്കിടുകയും ചെയ്യുന്നു. | മൂന്നു മാസത്തിൽ ഒരു തവണ | മലയാളം അധ്യാപകൻ, HITC | - |
| വായനാശീലം, ജനാധിപത്യമൂല്യങ്ങൾ എന്നിവയുടെ പരിപോഷണം | വായനക്കൂട്ടങ്ങൾ രൂപീകരിച്ച് വർത്തമാനപത്രങ്ങളും ആനുകാലികങ്ങളുംപരതുകയുംചെയ്യുന്നു. സ്വഭവനങ്ങളിലുംബന്ധുവീടുകളിലുമുള്ളപുസ്തകങ്ങൾ സമാഹരിച്ച് കൊണ്ട് വരികയുംസഹപാഠികളുമായി പങ്കിടുകയും ചെയ്യുന്നു. ക്ലാസ്സടിസ്ഥാനത്തിൽ കയ്യെഴുത്ത് | ദൈനംദിനം<br>മാസത്തിൽ ഒരു തവണ | മലയാളം അധ്യാപകൻ | സ്റ്റാഫ് ഫണ്ട് +കുട്ടികളിൽ നിന്ന് 2 രൂപ വീതം |

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ-

## ചുരുക്ക രൂപത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• സർഗ്ഗശേഷി പോഷണം<br>• ബ്ലോഗ് നിർമ്മാണം<br>• നവസാമൂഹ്യമാധ്യമ പരിചയം<br>• നാടൻകലാരൂപപരിചയം<br>• വായനക്കളരി<br>• ഭവന സന്ദർശനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠനപരിപോഷണം<br>• ശാസ്ത്രപോഷണ പരിപാടി<br>• ഗ്രന്ഥശാല ശാക്തീകരണം<br>• പരീക്ഷണശാല നവീകരണം<br>• ജൈവ വൈവിധ്യ പാർക്ക്<br>• ഔഷധസസ്യ തോട്ടം<br>• പഠന യാത്രകൾ<br>• ദിനാചരണങ്ങൾ<br>• സിനിമാക്ലബ്<br>• രംഗവേദി<br>• ലഹരിവിരുദ്ധക്ലബ് | • കമ്പ്യൂട്ടർ റൂം നവീകരണം<br>• മാലിന്യസംസ്കരണ പ്ലാന്റ്<br>• ഡൈനിങ് ഹാൾ<br>• ഓഡിറ്റോറിയം നവീകരണം<br>• ആനുകാലികങ്ങളും, വർത്തമാന പത്രങ്ങളും<br>• ഗണിതോത്സവം<br>• ഭാഷോത്സവം<br>• സ്കൂൾ ബസ്<br>• സ്കൂൾ റോഡ് നവീകരണം<br>• വാഹനഷെഡ്<br>• സ്കൂൾ മൈതാന നവീകരണം | • സ്കൂൾ സംരക്ഷണസമിതി രൂപീകരണം<br>• പൂർവ്വ വിദ്യാർത്ഥി സംഘടനാശാക്തീകരണം<br>• PTA,MPTA ശാക്തീകരണം<br>• SRG,SMC കാര്യക്ഷമമാക്കൽ<br>• ഗ്രന്ഥശാലകൾ,ക്ലബ്ബുകൾ,സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസപ്രവർത്തകർ,സാമൂഹ്യപ്രവർത്തകർ,പൂർവ്വാധ്യാപകർ,സഹകരണസ്ഥാപനങ്ങൾ,വാണിജ്യവ്യവസായസ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ഭവനസന്ദർശനം, വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ,CLASS PTA കൾ മാതൃകാപരമാക്കൽ |

തിനു,നല്ലറോഡോ,പൊതുവാഹനങ്ങളോ ഇല്ല എന്നുള്ളതാണ് ഈസ്കൂൾ നേരിടുന്നഏറ്റവുംവലിയപ്രശ്നം.സ്കൂളിന്സ്വന്തമായിവാഹനവും,വാഹനഷെഡ്ഡും ഇല്ല.ഹയർ സെക്കണ്ടറിയിൽ കായികാദ്ധ്യാപകന്റെയും കലാധ്യാപകൻറെയും അഭാവമുണ്ട് .മാലിന്യ സംസ്കരണപ്ലാന്റിന്റെ അഭാവമുണ്ട്.സ്കൂൾ മൈതാനത്തിൽ വെള്ളക്കെട്ടിൻറെ പ്രശ്നമുണ്ട്.

## ഭൗതികം

നേട്ടങ്ങൾ:

ഹൈസ്കൂളിലെയുംഹയർസെക്കണ്ടറിയിലെയും 26 ക്ലാസ് മുറികൾ വൈദ്യുതീകരിക്കുകയും അടച്ചുറപ്പുള്ളതാക്കുകയും ടൈൽസിടുകയും സ്മാർട്ട് റൂമിനായി സജ്ജീകരിക്കുകയും ചെയ്തു. പഞ്ചായത്തിൽനിന്നും ഈവർഷം സ്കൂളിന് ഇൻസിനേറ്റർ അനുവദിച്ചു.സ്കൂളിന് ചുറ്റുമതിലും,ഗേറ്റും,കാവൽക്കാരനുമുണ്ട്.കംപ്യൂട്ടർവൽകൃത ഓഫിസുകൾ,സ്റ്റാഫ്റൂമുകൾ,ലാബുകൾ,കുട്ടികൾക്ക് വലിയ മൈതാനം ,ഇൻഡോർ ആഡിറ്റോറിയം ഇവയുണ്ട്.കുട്ടികൾക്ക് ആവശ്യമായ ശുചിമുറികൾ,ശൗചാലയങ്ങൾ ഇവ ഉണ്ട് .

## പരിമിതികൾ

ലാബ്,ലൈബ്രറി എന്നിവയ്ക്ക് മതിയായ സ്ഥല സൗകര്യം ഇല്ല.ലൈബ്രറിയിൽപുസ്തകം,അലമാരികൾഇവയുടെപരിമിതിയുണ്ട്.സയൻസ് ലാബിൽ ഉപകരണങ്ങളുടെ കുറവുണ്ട്.ജൈവ വൈവിധ്യ പാർക്ക്,ഡൈനിങ്ങ് ഹാൾ,പൂന്തോട്ടം,കായിക പരിശീലനത്തിനുള്ള സ്പോർട്സ്കിറ്റ്ഇവയുടെഅഭാവംഉണ്ട്.സ്കൂളിലേയ്ക്ക്എത്തിച്ചേരുന്ന

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾവിതരണം ചെയ്തു. ഗൈഡ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദുരിതാശ്വാസ ഫണ്ടുകൾ സ്വരൂപിച്ചു.

<u>പരിമിതികൾ:</u>

സ്കൂളുകളിൽ പൊതുയോഗങ്ങൾ സംഘടിപ്പിക്കുമ്പോൾരക്ഷിതാക്കളുടെ പങ്കാളിത്ത കുറവ് ഒരു പ്രധാന പരിമിതിയാണ്.

## പരിമിതികൾ:

ഹൈസ്കൂളിലേക്ക് വരുന്നകുട്ടികളിൽ ഭാഷാപരിജ്ഞാന കുറവുണ്ട്
അതുപോലെ ഹൈസ്കൂൾ ലൈബ്രറിയിൽ പുസ്തകങ്ങളുടെ കുറവുണ്ട്.
ലാബിൽ ആവശ്യമായ ഉപകരണങ്ങളുടെ അഭാവം
കായികപരിശീലനത്തിനുള്ള ഉപകരണങ്ങൾ,ഇംഗ്ലീഷ് ഭാഷാലാബ്
ഇവയുടെ അഭാവമുണ്ട്. ഹയർ സെക്കൻഡറിയിൽ കലാധ്യാപകൻ,
കായികാധ്യാപകൻ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ,
ലൈബ്രറി, ഇവയുടെ അഭാവമുണ്ട്. സയൻസ്, കംപ്യൂട്ടർലാബുകളിൽ
ഉപകരണങ്ങളുടെ കുറവുണ്ട്.

## സാമൂഹികം

നേട്ടങ്ങൾ: NCC,NSS,JRC, സ്കൗട്ട്, ഗൈഡ് എന്നി യൂണിറ്റുകൾ നിസ്തുലമായ
സാമൂഹ്യ സേവനമാണിവിടെ നടത്തുന്നത്. NCC,NSS യൂണിറ്റുകൾ താലൂക്ക്
ആശുപത്രിയിലെ നിർധനരായ രോഗികൾക്ക് ഭക്ഷണപ്പൊതി വിതരണം,
കോളനി നിവാസികൾക്ക് ഓണക്കിറ്റ് വിതരണം, പരിസര പ്രദേശത്തെ
വീടുകൾ സന്ദർശിച്ച് പച്ചക്കറിത്തോട്ട നിർമ്മാണം, നിർധനഭവനങ്ങളിൽ
ടാർ പാളിൽകെട്ടികൊടുക്കൽ, സൗജന്യ മെഡിക്കൽ ക്യാമ്പ്എന്നിവ നടത്തി
SCOUT യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ കാൻസർ രോഗികൾക്കായി
ഭവന സന്ദർശനംനടത്തി പണം സ്വരൂപിച്ച് വിതരണം നടത്തി ജെ.ആർ.സി

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം

### നേട്ടങ്ങൾ

മലയോര മേഖലയിലെ സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളാണെങ്കിലും അക്കാദമിക മികവ് കൊണ്ട് ഈ ദേശത്തിന് അഭിമാനമാണ് ഈ സ്ഥാപനം. ഇക്കഴിഞ്ഞ മാർച്ചിൽ ഹൈസ്കൂളിൽ 15 ഫുൾ A + ഉം ഹയർ സെക്കൻഡറിയിൽ 3 ഫുൾ A + ഉം നേടി. ഇക്കഴിഞ്ഞ വർഷം ഹയർ സെക്കൻഡറി ഹ്യൂമാനിറ്റിസ് വിദ്യാർഥികൾ ആധുനിക കേരളചരിത്രം ആസ്പദമാക്കി "തേജസ്" എന്ന പേരിൽ കൈയ്യെഴുത്തു ഹരിതം മാസിക പ്രസിദ്ധീകരിച്ചു. ഇത് കേരള ചരിത്രകോൺഗ്രസിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം നേടി. സെക്കൻഡറിയിലെ ഐശ്വര്യ ദേശീയ നീന്തൽ മത്സരത്തിൽ പങ്കെടുത്തു. ഇക്കഴിഞ്ഞ സബ് ജില്ലാ കലോത്സവം ഈ സ്കൂളിൽ വിജയകരമായി നടത്തി. അതിൽ നമ്മുടെ സ്കൂൾ നാലാം സ്ഥാനം നേടി. സംസ്ഥാനതല പ്രവൃത്തി പരിചയമേള, സാമൂഹ്യ ശാസ്ത്രമേള, IT മേള, ഗണിത ശാസ്ത്രമേള, എന്നിവയിൽ ഇ സ്ഥാപനത്തിലെ കുട്ടികൾ A ഗ്രേഡ് നേടി.

# പദ്ധതി രൂപീകരണ പ്രക്രിയ

1. SRG യോഗത്തിൽ SNHSS CHITHARA - ACADEMIC PLAN എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2. സ്കൂൾ കോമൺ സ്റ്റാഫ് മീറ്റിങ്ങിൽ വികസനാവശ്യങ്ങൾ വേർതിരിക്കുകയും കരട് രൂപരേഖ തയ്യാറാക്കലും.

3. കരട് രൂപരേഖയെ SRG ,PTA ,MPTA,മാനേജ്മെന്റ്പ്രതിനിധികൾ ,ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന പൊതുയോഗത്തിൽ അവതരിപ്പിക്കുകയും വേണ്ട ഭേദഗതികൾ വരുത്തി കൂട്ടിച്ചേർക്കലുകളോടെ അവതരിപ്പിക്കുകയും ചെയ്യുന്നു

# വിദ്യാലയം - മികവിന്റെ കേന്ദ്രം

1. ഒരു വ്യക്തിയിലെ മാനസികവും ആത്മീയവും ശാരീരികവുമായ എല്ലാ കഴിവുകളെയും പുറത്തുകൊണ്ടുവരികയും, വികസിപ്പിക്കുകയും ചെയ്യുകയാണ് വിദ്യാഭ്യാസമെന്ന ഗാന്ധിദർശനവും മനുഷ്യൻറെ എല്ലാ വളർച്ചകളും അവന്റെ വിദ്യാഭ്യാസത്തെ 'ആശ്രയിച്ചിരിക്കുന്നു' വെന്ന 'ശ്രീനാരായണഗുരു' ദർശനവും ആധാരശിലയാക്കിക്കൊണ്ട് ഈ മഹാത്മാക്കളുടെ കാഴ്ചപ്പാടിനെ സാധൂകരിക്കുന്ന മാതൃകാസ്ഥാനമാക്കി വിദ്യാലയത്തെ പരിവർത്തനം ചെയ്യുക.

2. അരികുവത്കരിക്കപ്പെട്ടതും, അധോമുഖരാക്കപ്പെട്ടതുമായ വിദ്യാർത്ഥികൾക്ക് സവിശേഷ പരിഗണയിലൂടെ സമൂലവും സമഗ്രവുമായ പരിവർത്തനം സാധ്യമാക്കുക.

3. സർഗ്ഗാത്മകവും നിശ്ചിതലക്ഷ്യപ്രാപ്തവുമായ ബോധനമാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് വിദ്യാർത്ഥികളിലെ നൈസർഗ്ഗിക ചോദനകളെ അവധാനതയോടെയും നിരന്തരതയോടെയും പ്രചോദിപ്പിക്കുക.

4. മാനുഷിക മൂല്യങ്ങളും മാനവികതയും സഹജമായ ചിന്താശേഷിയും മൂഢമൂലമായ ബാഹ്യ പ്രേരണകളിൽ നിന്നും സ്വാർത്ഥ ചിന്തകളിൽ നിന്നും സ്വതന്ത്രമാക്കുകയും വിശ്വമാനവികത എന്ന ദർശനത്തെ ഉറപ്പിക്കുകയും ചെയ്യുക.

5. വിദ്യാർത്ഥികളുടെയും, സ്കൂൾജീവനക്കാരുടെയും, അധ്യാപകരക്ഷാകർതൃസമിതിയുടെയും, മാനേജ്മെന്റിന്റെയും, തൃതലപഞ്ചായത്തുകളുടെയും, പരിസരവാസികളുടെയും, പൂർവ്വവിദ്യാർത്ഥികളുടെയും സഹായത്തോടെ ആഗോളനിലവാരത്തിലുള്ളതായ ബോധനമാർഗ്ഗങ്ങളുടെയും വിഭവങ്ങളുടെയും പിൻബലത്തോടെ നിശ്ചിതശേഷികളിലേക്ക് എത്തിക്കുന്നതിന് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി എടുക്കുക.

6. ശുചിത്വം, പരിസ്ഥിതി സൗഹൃദാന്തരീക്ഷം, സമത്വം സാഹോദര്യം എന്നിവ നിലനിർത്തുന്നതിനുള്ള അവസരം ഒരുക്കുക.

ഇപ്പോൾ ഹൈസ്കൂളിൽ 14 ഡിവിഷനുകളിലായി 537 വിദ്യാർത്ഥികളും ഹയർ സെക്കൻഡറിയിൽ ആറു ബാച്ചുകളിലായി 700 ഓളം കുട്ടികളും പഠിക്കുന്നു SNDP യൂണിയൻ ജനറൽ സെക്രട്ടറി ആയ ശ്രീ വെള്ളാപ്പള്ളി നടേശൻ ഈ സ്കൂളിന്റെ മാനേജരായും ശ്രീ സിപി സുദർശനൻ വിദ്യാഭ്യാസ ആഫീസർ ആയും ശ്രീ പച്ചയിൽ സന്ദീപ് ലോക്കൽ മാനേജരായും പ്രവർത്തിക്കുന്നു ശ്രീമതി ബിന്ദു ബാലകൃഷ്ണൻ ഹയർ സെക്കന്ററി പ്രിൻസിപ്പൽ ആയും ശ്രീമതി എസ്. കെ മിനി ഹൈസ്കൂൾ പ്രഥമാധ്യാപികയായും ഈ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു

# വിദ്യാലയത്തിൻ്റെ ലഘു ചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരമേഖലകളായ ചിതറ പഞ്ചായത്തിലെയും പെരിങ്ങമ്മല പഞ്ചായത്തിലെയും, കുളത്തൂപ്പുഴ പഞ്ചായത്തിലെയും വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി 1959 -ൽ സ്ഥാപിതമായ ഒരു വിദ്യാലയമാണ് ശ്രീനാരായണ ഹയർ സെക്കൻററി സ്കൂൾ SNHSS ചിതറ . എസ് എൻ ഡി പി ശാഖ പ്രസിഡൻറ് ആയ ശ്രീ വേലായുധൻ മുതലാളി യാണ് ഈ സ്ഥാപനം ആരംഭിച്ചത് ഈസ്ഥാപനത്തിനായിരുന്ന്ഏക്കർവസ്തുപരിസരവാസിയായ ശ്രീഅബ്ദുൽഖാദർറാവുത്തർവളരെകുറഞ്ഞനിരക്കിൽസ്കൂളിനുവേണ്ടി സമർപ്പിച്ചു.പിന്നീട് ഈ സ്ഥാപനം S N D P യോഗത്തിനു കൈമാറി.അന്ന് 1200 ഓളം കുട്ടികൾ വിദ്യാഭ്യാസം നടത്തിയിരുന്ന ഏക സ്ഥാപനം ആയിരുന്ന ഇവിടെഇപ്പോഴുംമലയോരമേഖലയിലെകുട്ടികൾവിദ്യാഭ്യാസംനേടുന്നു ഈ സ്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സ്ഥാനങ്ങൾ അലങ്കരിക്കുന്നു 1998 ൽ ഈ സ്കൂളിൽ മൂന്ന് ബാച്ചുകളോടുകൂടി ഹയർസെക്കൻററി ആരംഭിച്ചു ഇപ്പോഴത് രണ്ടുബാച്ചുകളിലായിബയോളജിസയൻസും,രണ്ടുബാച്ചുകളിലായി കമ്പ്യൂട്ടർ സയൻസും,ഒരു ബാച്ചിൽ ഹ്യൂമാനിറ്റിക്സും ,ഒരു ബാച്ചിൽ കൊമേഴ്സും ആയി വർധിച്ചു

# ലക്ഷ്യങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ സ്കൂളിലെ കുട്ടികളെ അക്കാദമിക മികവിലേക്കുയർത്തുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം.
2. പഠന പ്രവർത്തനത്തോടപ്പം പഠനേതര പ്രവർത്തനങ്ങളിലും കുട്ടികളെ മുൻനിരയിലേക്ക് ഉയർത്തുക.
3. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഉള്ള കുട്ടികളെ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നൈപുണ്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക
4. അധ്യാപക-കുട്ടി ബന്ധത്തിലുപരി, കുട്ടിയെ നല്ല വ്യക്തിയായി മാറാനും അവന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിനായി വ്യക്തവും രസകരവുമായ പാഠ്യപദ്ധതി ആവിഷ്കരിക്കുക.
5. ഭിന്ന ശേഷിയുള്ളതും ന്യൂനശേഷിയുള്ളതുമായ വിദ്യാർഥികളെ കണ്ടെത്തുകയും സവിശേഷ പരിഹാരബോധന മാർഗങ്ങളിലൂടെ പഠന ലക്ഷ്യത്തിൽ എത്തിക്കുകയും ചെയ്യുക.
6. ഭൗതിക സാഹചര്യങ്ങളിലെ പോരായ്മയും വിഭവ സമാഹരണത്തിലെയും വിനിയോഗത്തിലെയും അപൂർണ്ണതയും ദീർഘകാല പരിപ്രേക്ഷ്യത്തോടെ വർധിപ്പിക്കുക

നിലവാരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സർക്കാർ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്.രാജ്യത്ത് പതിനാലുവയസ്സുവരെ പ്രായമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം. സ്കൂൾപ്രവേശനം,കൊഴിഞ്ഞുപോക്ക്തടയൽ,വിദ്യാഭ്യാസത്തിനു തടസ്സമാകുന്ന സാമൂഹികവും, ലിംഗപരവുമായ വ്യത്യാസങ്ങൾ ഇല്ലാതാക്കൽ, മേന്മയേറിയ വിദ്യാഭ്യാസം, പെൺകുട്ടികളുടെ ശാക്തീകരണം, മെച്ചപ്പെട്ട വിദ്യാലയാന്തരീക്ഷം, സാമൂഹിക പങ്കാളിത്തത്തോടെയുള്ള വികസനപ്രവർത്തനങ്ങൾ,പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള ശ്രദ്ധ, നവപ്രഭ ഇവയെല്ലാം ഈ വിദ്യാലയത്തിന്റെ സമഗ്രപുരോഗതിക്ക്സാധ്യമാകുന്നു.സർക്കാരിന്റെ ഈ നല്ല പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾക്കൊപ്പംഅധ്യാപകരായ നമ്മൾക്കും ഈ യജ്ഞത്തിൽ പങ്ക്ചേരാം.

# ആമുഖം

മലയോരഗ്രാമമായ ചിതറയിൽ അറിവിൻ്റെ നറുനിലാവ് പരത്തി അരനൂറ്റാണ്ട് പിന്നിട്ട ഗ്രാമവിദ്യാലയമാണ് എസ്.എൻ.എച്ച്.എസ് ചിതറ. പടിഞ്ഞാറൻമേഖലയിൽനിന്ന് കുടിയേറിപ്പാർത്തവരാണെങ്കിലും സാംസ്കാരിക -വിദ്യാഭ്യാസ രംഗങ്ങളിൽ മികച്ച മുന്നേറ്റം നടത്താൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. ദേശത്തോളം വളർന്നവർ ഉൾപ്പെടെ നിരവധി പ്രതിഭകൾക്ക് ജന്മം നല്കാൻ കഴിഞ്ഞ ഈ വിദ്യാലയം എല്ലാ അർത്ഥത്തിലും ഉന്നതിയുടെ പാതയിലാണ്.

സ്കൂളിലെത്തുന്ന ഓരോ കുട്ടിക്കും പരമാവധി അറിവ് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ മാനേജ്മെൻറ് നടപ്പിലാക്കിയ "സമഗ്രപഠനം സമ്പൂർണ വിജയം" ഈ സ്കൂളിൻ്റെ വേറിട്ട ഒരു പ്രവർത്തനമാണ്. കുട്ടികളുടെ കഴിവുകൾ തേച്ചു മിനുക്കാനും പൂർണതയിലെത്തിക്കാനും അവസരം ഒരുക്കാൻ സർക്കാരിൻ്റെ പൊതു വിദ്യാഭ്യാസ നയം കൊണ്ട് കഴിയണം. നമ്മുടെ വിദ്യാഭ്യാസ മേഖല വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ലോകോത്തര

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ് എൻ എച്ച് എസ് എസ് ചിതറ |
| വിലാസം | : | മടത്തറ പി ഒ കൊല്ലം |
| ഫോൺ | : | എച്ച്. എസ് 04742442430 |
| | : | എച്ച്. എസ്. എസ് 04742443193 |
| സ്കൂൾ കോഡ് | : | എച്ച് . എസ് 40034 |
| | : | എച്ച്. എസ്. എസ് 2041 |
| വിദ്യാഭ്യാസ ഉപജില്ല | : | ചടയമംഗലം |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി.ആർ. സി | : | പുനലൂർ |
| സി.ആർ. സി | : | ചടയമംഗലം |
| ഗ്രാമപഞ്ചായത്ത് | : | ചിതറ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചടയമംഗലം |
| ജില്ല പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാമണ്ഡലം | : | ചടയമംഗലം |
| ലോകസഭാമണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | കൊട്ടാരക്കര |
| വില്ലേജ് | : | ചിതറ |
| ഇ മെയിൽ | : | HS- snhssparthi@gmail.com |
| | : | HSS- snhss@gmail .com |